# സാഹിതി

വാർത്താപത്രിക 1

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

---

## ഹലിമാബീവി

പതിനെട്ടാംവയസ്സിൽ പത്രാധിപ. ബഷീറിന്റേയും വക്കം മൗലവിയുടേയും വെട്ടൂർ രാമൻനായരുടേയും സുകുമാർ അഴീക്കോടിന്റേയും എഡിറ്റർ. പ്രഭാഷക. സ്വാതന്ത്ര്യസമരസേനാനി. ആദ്യ മുസ്ലിം വനിത നഗരസഭാംഗം.



---

സഹൃദയരുടെ ആന്തരികജീവിതത്തിന് ആശയവും ഭാവനയും ഭാഷയും പ്രതീക്ഷയും നൽകുന്ന ഒരു സർഗാത്മകകർമത്തിന് അരങ്ങൊരുങ്ങുന്നു. മനുഷ്യനെ മനുഷ്യനായി നിലനിർത്താൻ ഇത്തരം പുതിയ കാലത്തിന്റെ ഉൽസവങ്ങൾ അനിവാര്യമാണ്.



# വായനയ്ക്ക് പകരമാവില്ല മറ്റൊന്നും

വൈശാഖൻ
പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

മൂന്ന് വർഷമായി ഒരു കഥ എഴുതിയിട്ട്. എഴുതണമെന്ന് ആഗ്രഹമുണ്ട്. അതിനുവേണ്ടി ചിന്തിക്കാനുള്ള സമയം ഇപ്പോൾ ലഭിക്കുന്നില്ല. അനേകം മാസങ്ങൾ ചിന്തിച്ചിട്ടാവും ചിലപ്പോളൊരു കഥയെഴുതുക. ധാരാളം വായിക്കുകയും വേണം. നോവലുകളേക്കാൾ കൂടുതൽ ഇപ്പോൾ വായിക്കുന്നത് നരവംശശാസ്ത്രവും സാംസ്കാരികപരിണാമവുമൊക്കെയാണ്. മനുഷ്യജീവിതമാണല്ലോ നമ്മുടെ വിഷയം. മൃഗാവസ്ഥയിൽനിന്നും ഏതാനും അടി മാത്രമേ മനുഷ്യൻ മുന്നോട്ട് വന്നിട്ടുള്ളൂ. അടിസ്ഥാനസംഭവങ്ങളിൽ നിലനിൽക്കുന്ന പുറംകുപ്പായങ്ങൾ മാറുന്നുണ്ടാവും. മനുഷ്യനെക്കുറിച്ച് സ്വയം കുറേ പഠിച്ചിട്ടുണ്ടെങ്കിലും തീരാത്ത സംശയങ്ങൾക്ക് മറുപടി തേടിയാണ് ഇപ്പോൾ എന്റെ വായന.

നവമാധ്യമങ്ങളിൽ ധാരാളം രചനകൾ വരുന്നുണ്ട്. അവയ്ക്ക് സ്വീകാര്യതയുമുണ്ട്. പക്ഷേ, അച്ചടിച്ച പുസ്തകം എന്ന ശീലത്തിൽനിന്നും ഇ-വായനയിലേക്കെത്താൻ ഇനിയും കുറേ സമയമെടുക്കും. നവമാധ്യമങ്ങളിൽ എഴുതുന്നവർതന്നെ അവരുടെ കൃതികൾ അച്ചടിക്കാൻ താൽപര്യം കാണിക്കുന്നത് അച്ചടിച്ച പുസ്തകത്തോടുള്ള ആഭിമുഖ്യം വിട്ടിട്ടില്ലെന്നതിന് തെളിവാണ്. ഗൗരവമുള്ള രചനകൾ ഇനിയും നവമാധ്യമങ്ങളിൽ വരേണ്ടിയിരിക്കുന്നു. എടുത്തുപറയേണ്ടൊരു കാര്യം നവമാധ്യമങ്ങളിൽ എഡിറ്റർ ഇല്ല എന്നതാണ്. സ്വതന്ത്രമായ ആവിഷ്കാരം അവിടെ സാധ്യമാവുന്നു. കുറേയേറെ ഗോസിപ്പ് സ്വഭാവത്തിലുള്ള എഴുത്തും നവമാധ്യമങ്ങളിലുണ്ട്. ആരോഗ്യകരമായ ഒരു സാഹിത്യാന്തരീക്ഷം നവമാധ്യമങ്ങളിൽ ഉണ്ടായിവരും എന്നതാണ് എന്റെ പ്രതീക്ഷ.

പുതിയ കാലഘട്ടത്തിലെ യുവത്വം പ്രതീതിയാഥാർത്ഥ്യത്തിന് (virtual reality) അടിമപ്പെട്ടുപോവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വായനയിലൂടെ നമുക്ക് ലഭിക്കുന്നത് അതിരുകളില്ലാത്ത സങ്കൽപശേഷിയാണ്. കാട്ടിൽ ജീവിച്ച മനുഷ്യനെ ഇന്നത്തെ മനുഷ്യനാക്കി മാറ്റിയത് സർഗാത്മകമായി സങ്കൽപിക്കാനുള്ള കഴിവാണ്. അതിനെ 'സാങ്കൽപികയാഥാർത്ഥ്യം' എന്ന് വിളിക്കാം.

ദൃശ്യങ്ങൾ ഈ കഴിവിനെ പൊതുവേ ചുരുക്കുകയാണ് ചെയ്യുന്നത്. വായന അതിനെ വികസിപ്പിക്കുന്നു. ഉദാഹരണത്തിന് ടെലിവിഷൻ വരുന്നതിനുമുമ്പ് ആയിരം കുട്ടികൾ രാമായണം എന്ന സാഹിത്യകൃതി വായിച്ചാൽ ആയിരം സീതമാർ മനസ്സിൽ സൃഷ്ടിക്കും. അത് സാങ്കൽപികയാഥാർത്ഥ്യം.

രാമാനന്ദ് സാഗർ എന്ന ഉത്തരേന്ത്യൻ മുതലാളി രാമായണം സീരിയലാക്കിയപ്പോൾ ദിപിക ചിക്‌ലിയ എന്ന ഉത്തരേന്ത്യൻ നടിയാണ് സീതയായി അഭിനയിച്ചത്. അരുൺ ഗോവിൽ എന്ന നടൻ ശ്രീരാമനായി. ഇതോടെ ആയിരം കുട്ടികളുടെ സ്വന്തം സീതമാരെ മോഷ്ടിച്ചുകൊണ്ട് ദീപിക ചിക്‌ലിയ എന്ന നടിയെ പ്രതിഷ്ഠിച്ചു. അതായത് പ്രതീതിയാഥാർത്ഥ്യം സാങ്കൽപികയാഥാർത്ഥ്യത്തെ ഇല്ലാതാക്കി. പിന്നീട് ദീപിക ചിക്‌ലിയ സോപ്പിന്റെ പരസ്യങ്ങളിൽ വന്നു. അങ്ങനെ ഇന്ത്യയിൽ സീത തേക്കുന്ന സോപ്പുണ്ടായി. അരുൺ ഗോവിൽ എന്ന ശ്രീരാമൻ തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും പ്രവേശിച്ചു.

വായന മാത്രമേ സാങ്കൽപികയാഥാർത്ഥ്യത്തിന് പ്രാധാന്യം നൽകുന്നുള്ളൂ. അപൂർവമായി ലോകക്ലാസിക് സിനിമകളും ആ അവസരം നൽകുന്നുണ്ട്. കച്ചവടസിനിമക്കും സീരിയലുകൾക്കും അത് സാധിക്കില്ല. എന്നാൽ, ചിന്തയെ ഉണർത്തുന്ന ഷോർട്ഫിലിമുകൾ ധാരാളമായി നവമാധ്യമങ്ങളിൽ വരുന്നുണ്ട്. അതൊരു നല്ല കാര്യമാണ്. വായനയ്ക്ക് പകരം നിൽക്കില്ല, എങ്കിലും. ●




ദേശീയപുസ്തകോൽസവത്തിന് സൽമ വിളക്ക് തെളിയിക്കും.

# പെണ്ണിന്റെ വചനവിമോചനങ്ങൾ

തമിഴ് സാഹിത്യത്തിലെ പെണ്ണെഴുത്തിലെ സുപ്രധാനസാന്നിധ്യമാണ് സൽമ. കവയിത്രിയും നോവലിസ്റ്റുമായ സൽമ പ്രശസ്തയായ മനുഷ്യാവകാശപ്രവർത്തകയുമാണ്. 1968ൽ തിരുച്ചിറപ്പള്ളിക്കടുത്ത തുവരക്കുറിച്ചി എന്ന ഗ്രാമത്തിലാണ് ജനിച്ചത്. യാഥാസ്ഥിതിക കുടുംബമായതിനാൽ പന്ത്രണ്ടാംവയസ്സിൽ ഒമ്പതാംക്ലാസ്സിൽ വെച്ചു തന്നെ വിവാഹനിശ്ചയത്തോടെ ഔപചാരികവിദ്യാഭ്യാസം അവസാനിച്ചു. പിന്നീട് അകന്ന സഹോദരനായ ഹമീദിന്റെ (കവി-മനുഷ്യപുത്രൻ) സഹായത്താൽ ധാരാളം പുസ്തകങ്ങൾ വായിച്ചു.

മുസ്ലിം സമുദായത്തിലെ കുടുംബബന്ധങ്ങളെപ്പറ്റിയാണ് സൽമയുടെ ആദ്യനോവലായ ‘ഇരണ്ടാം ജാമങ്ങളിൽ കതൈ’ പ്രതിപാദിക്കുന്നത്. സമൂഹത്തിലെ പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാംസ്കാരികമുന്നേറ്റത്തിന്റെ പ്രതിനിധാനമാണ് ഈ നോവൽ. ഒരു മാലൈയും ഇന്നൊരു മാലൈയും, പച്ചൈ ദൈവതൈ എന്നീ കവിതാസമാഹാരങ്ങൾ ഏറെ ശ്രദ്ധേയമാണ്. മലയാളത്തിലേക്ക് ശാപം (കഥകൾ), രണ്ടാം യാമങ്ങളുടെ കഥ (നോവൽ), സൽമയുടെ പാകിസ്ഥാൻ യാത്ര (യാത്രാവിവരണം) എന്നീ പുസ്തകങ്ങൾ വിവർത്തനംചെയ്ത് വന്നിട്ടുണ്ട്.

നിരന്തരവായനയിലൂടെ കുടുംബത്തിലെ യാഥാസ്ഥിതികസാഹചര്യങ്ങളോട് പൊരുതി ജയിച്ച കഥയാണ് സൽമയുടേത്. ലോകപ്രശസ്ത ക്ലാസിക്കുകളുടെ തമിഴ് മൊഴിമാറ്റങ്ങൾ വായിച്ച് ഒരു പുതിയ ലോകത്തെ കണ്ടെത്തുകയായിരുന്നു സൽമ. രാജാത്തി എന്ന പേരിലാണ് ആദ്യകവിതകൾ പുറത്തുവന്നത്. കവിതകളെച്ചൊല്ലി ധാരാളം വിമർശനങ്ങളും എതിർപ്പുകളും വന്നതോടെ സൽമ എന്ന തൂലികാനാമത്തിൽ എഴുതാൻ തുടങ്ങുകയായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിച്ച് വിജയിച്ച സൽമ 2001-06 വരെ തിരുച്ചിറപ്പള്ളി ജില്ല പൊന്നംപട്ടി സ്പെഷൽ പഞ്ചായത്ത് അധ്യക്ഷയായി പ്രവർത്തിച്ചു. പിന്നീടവർ നിയമസഭാസ്ഥാനാർത്ഥിയായി മൽസരിച്ചെങ്കിലും പരാജയപ്പെട്ടു. തമിഴ്നാട് സാമൂഹ്യക്ഷേമബോഡ് അധ്യക്ഷയായും സേവനമനുഷ്ഠിച്ചു. 2006ൽ ഇന്ത്യക്ക് പ്രാധാന്യം കൊടുത്ത് നടത്തിയ ഫ്രാങ്ക്ഫർട്ട് പുസ്തകോൽസവത്തിൽ പങ്കെടുക്കാൻ നാഷണൽ ബുക് ട്രസ്റ്റ് അയച്ച എഴുത്തുകാരുടെ സംഗമത്തിൽ അംഗമായിരുന്നു.

ഒരു സ്ത്രീ പൊതുജീവിതത്തിലേക്ക് വരുമ്പോൾ നേരിടേണ്ടിവരുന്ന സദാചാരസംബന്ധമായ പ്രശ്നങ്ങളാണ് സൽമയിലെ എഴുത്തുകാരിയെ രൂപപ്പെടുത്തിയത്. സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ച് വെച്ചുപുലർത്തുന്ന അബദ്ധധാരണകൾ മൂലം സൽമയുടെ കൃതികൾ തെറ്റായി വ്യഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പ്രശ്നങ്ങളോട് ഏറ്റുമുട്ടിക്കൊണ്ട് വളർന്നുവന്ന സൽമയുടെ സാഹിത്യജീവിതം ഒരു സ്ത്രീയുടെ പോരാട്ടത്തിന്റേയും അതിജീവനത്തിന്റേയും മാതൃകയാണ്. ●

ദേശീയപുസ്തകോൽസവത്തിൽ ഫെബ്രുവരി 2 ശനി 04:30
ഹലിമാബീവി ജന്മശതാബ്ദി സമ്മേളനം

**ഉൽഘാടനം : ബി.എം.സുഹ്റ**
**അനുസ്മരണപ്രഭാഷണം : ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
**പങ്കെടുക്കുന്നവർ : എ.കൃഷ്ണകുമാരി, ഡോ.സി.രാവുണ്ണി, എൻ.സുസ്മിത**

# ഹലിമാബീവി

## സ്വതന്ത്രചിന്തയുടെ ആത്മപ്രകാശം

സ്ത്രീകളെ സമുദ്ധരിക്കാതെ രാജ്യവും സമൂഹവും സമുദായവും പുരോഗമിക്കില്ലെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന സാമൂഹ്യപ്രവർത്തകയാണ് ഹലിമാബീവി. മുസ്ലിം സമുദായത്തിൽനിന്ന് പത്രപ്രവർത്തനരംഗത്തേക്ക് വന്ന ആദ്യവനിത. ഏഴ് വരെ മാത്രം ഔദ്യോഗികവിദ്യഭ്യാസം ലഭിച്ച ഹലിമാബീവി സ്വന്തം ശ്രമങ്ങളാൾ അറിവ് നേടി.

1918ൽ അടൂരിലാണ് ഹലിമാബീവി ജനിച്ചത്. ചെറിയ ക്ലാസിൽ പഠിക്കുമ്പൊഴേ സാഹിത്യവിഷയങ്ങളിൽ അതീവതൽപരയായിരുന്നു. മറ്റ് ക്ലാസിലെ കുട്ടികൾ പ്രസംഗമൽസരത്തിലും മറ്റും പങ്കെടുക്കുമ്പോൾ ഹലിമാബീവി തന്റെ ആഗ്രഹങ്ങൾ മനസ്സിൽ സൂക്ഷിച്ചു. എങ്കിലും പിൽകാലത്ത് അവർ കൈവെക്കാത്ത മേഖലകളില്ല. കേരളത്തിലെ അറിയപ്പെടുന്ന പ്രാസംഗികയും ലേഖികയുമായിരുന്നു അവർ. കേരളത്തിലെ മുസ്ലിം സ്ത്രീകളിൽ ആദ്യമായി നഗരസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട് തിരുവിതാംകൂറിലെ ആദ്യത്തെ വനിതാകൗൺസിലറുമായി. തിരുവല്ലയിൽ പത്രപ്രവർത്തകയായിരിക്കേ മുനിസിപ്പൽ കൗൺസിലിലേക്ക് അവരെ നാമനിർദേശം ചെയ്യുകയായിരുന്നു.

1938ലാണ് തിരുവല്ലയിൽനിന്ന് 'മുസ്ലിം വനിത' എന്ന പേരിൽ മാസിക തുടങ്ങുന്നത്. ഇതിന്റെ പത്രാധിപയായിട്ടാണ് ഹലിമാബീവി പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നത്. പിന്നീടത് കൊടുങ്ങല്ലൂരിലേക്ക് മാറ്റി. അതിന്റെ പ്രിന്ററും പബ്ലിഷറും എഡിറ്ററുമെല്ലാം ഹലിമാബീവിയായിരുന്നു. 1946ൽ 'ഭാരതചന്ദ്രിക' ദിനപത്രം വാരികയായി തുടങ്ങിയപ്പോൾ വാരികയുടേയും ദിനപത്രത്തിന്റേയും പത്രാധിപയുമായും പ്രവർത്തിച്ചു. സാമ്പത്തികപ്രശ്നങ്ങൾ മൂലം ഇവയുടെ പ്രസിദ്ധീകരണം നിർത്തേണ്ടിവന്നു. 1972ൽ 'ആധുനിക വനിത' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ചെങ്കിലും ഒമ്പത് ലക്കം മാത്രമേ ഇറങ്ങിയുള്ളൂ.

എല്ലാ പ്രവർത്തനങ്ങളിലും പിന്തുണയായി പ്രവർത്തിച്ചത് ഭർത്താവ് കെ.എം.മുഹമ്മദ് മൗലവിയാണെന്ന് ഹലിമാബീവി എപ്പോഴും പറയാറുണ്ട്. സർ സിപിയുടെ ഭരണത്തിനെതിരെ പ്രവർത്തിച്ചതിന് ഭർത്താവിന് ജോലി നഷ്ടപ്പെട്ടു. പല രീതിയിലുള്ള പ്രലോഭനങ്ങളുണ്ടായെങ്കിലും ഇവർ ആദർശങ്ങളിൽ ഉറച്ചുനിന്നു. വിമോചനസമരങ്ങളിൽ പങ്കെടുത്ത് ഹലിമാബീവി അറസ്റ്റ് വരിച്ചിട്ടുണ്ട്. പ്രശസ്തരായ പല എഴുത്തുകാരുടേയും രചനകൾ ഹലിമാബീവിയുടെ പ്രസിദ്ധീകരണങ്ങളിലൂടെയാണ് വെളിച്ചം കണ്ടത്. വൈക്കം മുഹമ്മദ് ബഷീർ, വക്കം മൗലവി, വെട്ടൂർ രാമൻനായർ, സുകുമാർ അഴീക്കോട്, കെ.ഗോമതിയമ്മ, പി.വൽസല തുടങ്ങിയവർ ഇവരിൽ ചിലർ മാത്രം.

സ്വാതന്ത്ര്യസമരത്തിൽ ഹലിമാബീവി സജീവമായി പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തിരുന്നു. കോൺഗ്രസിന്റെ സജീവപ്രവർത്തകയും സേവാദൾ പ്രവർത്തകയും ഡിസിസി അംഗവുമായിരുന്നു. തിരുവിതാംകൂർ മുസ്ലിം മജ്ലിസിന്റെ സജീവപ്രവർത്തക, തിരുവല്ല മുസ്ലിം വനിതാസമാജം പ്രസിഡന്റ്, മജ്ലിസ് ലീഗ് സംയോജന കമ്മിറ്റി അംഗം, തിരുവല്ല താലൂക്ക് മുസ്ലിം ലീഗ് യൂണിയൻ സെക്രട്ടറി, പെരുമ്പാവൂർ മഹിളാമണ്ഡലം ഭാരവാഹി എന്നീ നിലകളിൽ പ്രവർത്തിച്ചു. രണ്ടായിരത്തിൽ ഹലിമാബീവി അന്തരിച്ചു. ●




# ഇന്ത്യ എന്ന വിസ്മയം

പ്രശസ്ത ചരിത്രകാരനും, ഇന്ത്യാപഠനപണ്ഡിതനുമായ എ.എൽ.ബാഷാം രചിച്ച പ്രശസ്തമായ പുസ്തകമാണ് ഇന്ത്യ എന്ന വിസ്മയം (The Wonder that was India). 1954ൽ ആണ് അദ്ദേഹം ഈ കൃതി പ്രസിദ്ധീകരിച്ചത്. 1914ൽ ജനിച്ച ഭാഷാം 1986ൽ അന്തരിച്ചു. ഈ പുസ്തകം മലയാളത്തിലേക്ക് മൊഴിമാറ്റിയത് പ്രസിദ്ധ ചരിത്രാധ്യാപകനും വിവർത്തകനും ആയ സി.പി.അബൂബക്കർ ആണ്. ഈ പുസ്തകം പ്രസിദ്ധീകരിച്ചത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആണ്. ആദ്യപതിപ്പ് 2011ൽ. വിവർത്തകനായ സി.പി.അബൂബക്കർ ഈ പുസ്തകത്തെപ്പറ്റി എഴുതുന്നു:

“എന്താണ് ബാഷാമിന്റെ ചരിത്രപുസ്തകം പ്രക്ഷേപിക്കുന്ന സവിശേഷമായ വീക്ഷണം? പത്ത് അധ്യായങ്ങളിലും അത്രത്തോളം അനുബന്ധങ്ങളിലുമായി ഇന്ത്യയെപ്പറ്റി സമഗ്രമായ ഒരു പഠനമാണ് അദ്ദേഹം കാഴ്ചവെക്കുന്നത്. തന്റെ ഇന്ത്യാചരിത്രഗ്രന്ഥങ്ങളിലുടനീളം അദ്ദേഹം അന്നുവരെ ഇന്ത്യാചരിത്രത്തെ സംബന്ധിച്ച് നിലനിന്ന അസംബന്ധങ്ങൾക്കെതിരെ ആശയപരമായ ഒരു സമയം നടത്തുകയായിരുന്നു. തന്റെ ക്ലാസിക് എന്നുപറയാവുന്ന ‘വിസ്മയ’ത്തിലും അതുതന്നെയാണ് പുതിയ ഇന്ത്യാചരിത്രത്തിന്റെ ഈ പാട്ര്യാർക് ചെയ്യുന്നത്. എന്തായിരുന്നു ഈ അസംബന്ധങ്ങൾ? അവ നാം ഇന്നും കേൾക്കുന്നുണ്ട്. എന്തിന്, ഇന്ത്യാചരിത്രം പഠിപ്പിക്കുകയോ എഴുതുകയോ ചെയ്യുന്ന ഇന്ത്യക്കാർപോലും ജെയിംസ് മില്ലും വിൻസന്റെ സ്മിത്തും സൃഷ്ടിച്ച അപഥത്തിലൂടെ സഞ്ചരിക്കുന്നുണ്ട്. രാഷ്ട്രീയലക്ഷ്യംവെച്ച് ചരിത്രത്തെ വർഗീയവൽകരിക്കുന്നുണ്ട്.

മൂന്ന് തിന്മകളാണ് സാമ്രാജ്യത്വചരിത്രകാരന്മാർ സാമാന്യമായ ഇന്ത്യൻ സംസ്കൃതിയുടെമേൽ കെട്ടിയേൽപിച്ചത്. 1. ഇന്ത്യൻ സാമ്രാജ്യങ്ങൾക്ക് ചില തലമുറകൾ മാത്രമേ നിലനിൽക്കാൻ കഴിഞ്ഞുള്ളൂ. 2. ഹിന്ദുമതം തീർത്തും ആധ്യാത്മികവും പരലോകചിന്താധിഷ്ഠിതവുമാണ്. 3. മൗര്യകാലം മുതൽക്കെങ്കിലും ഇന്ത്യൻ നാഗരികത വന്ധ്യമായി നിൽക്കുകയായിരുന്നു.

ഇതിനെ മൂന്ന് പദങ്ങളിലേക്ക് ചുരുക്കിയാൽ അരാഷ്ട്രീയ ഇന്ത്യ, ആത്മീയ ഇന്ത്യ, മാറ്റമില്ലാത്ത ഇന്ത്യ എന്നായിരിക്കും. ഇന്ത്യക്ക് രാഷ്ട്രീയസ്ഥിരതയില്ല. ഇന്ത്യക്കാർ ഭൗതികപുരോഗതിക്കുവേണ്ടി ഒരു കാലത്തും ഒന്നും ചെയ്തില്ല. ഇന്ത്യൻ സമൂഹം പരിണാമവിമുഖമായിരുന്നു എന്നാണ് സാമ്രാജ്യത്വചരിത്രകാരന്മാർ വാദിച്ചുകൊണ്ടിരുന്നത്. ഇതാണ് ഇന്തോളജി ഇന്ത്യക്ക് ഉണ്ടാക്കിയ ആപത്തും. ഇന്തോളജിയിലല്ല പ്രശ്നം, ഇന്തോളജിയാണ് പ്രശ്നം എന്നു പറയുന്നത് അതുകൊണ്ടാണ്.

‘വിസ്മയ’ത്തിന്റെ സവിശേഷത ബാഷാം ഈ ഗ്രന്ഥത്തിലൂടെ ഈ സാമ്രാജ്യത്വചരിത്രദുർവ്യാഖ്യാനത്തെ വസ്തുതകൾ നിരത്തി ചോദ്യം ചെയ്യുന്നുവെന്നതാണ്. അദ്ദേഹം വസ്തുതകൾ നിരത്തുമ്പോൾ അത് വലിയ ചോദ്യംചെയ്യലായും സംശയദൂരീകരണമായും മാറുന്നു. ആദ്യത്തെ മൂന്ന് അധ്യായങ്ങൾ പ്രാഗ്ചരിത്രത്തെയും ചരിത്രത്തെയും ഭരണകൂടരൂപത്തെയും പറ്റിയാണ്. കേവലമതാധിഷ്ഠിതമായ ഒരു ഇന്ത്യൻസംസ്കൃതിയെന്ന അസംബന്ധസങ്കൽപനത്തെ ഈ ദശാധ്യായി പറിച്ചെറിയുകയാണ്.” ●

# പുസ്തകോൽസവത്തിന്റെ പ്രസക്തി



ഡോ.കെ.പി.മോഹനൻ
സെക്രട്ടറി
കേരള സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവത്തിന്റേയും എഴുത്തരങ്ങ് സാംസ്കാരികോൽസവത്തിന്റേയും അരങ്ങുണരുകയാണ്. കേരളത്തിന്റെ സാംസ്കാരികഭൂപടത്തിൽ അടയാളപ്പെട്ടുകഴിഞ്ഞ അക്ഷരോൽസവമാണിത്. പത്ത് രാപ്പകലുകൾ നീളുന്ന ഈ മഹാഘോഷം സമ്പൂർണമായൊരു സാംസ്കാരികാനുഭവമായിരിക്കും. പുസ്തകങ്ങളുമായും വായനയുമായും എഴുത്തുമായും ബന്ധപ്പെട്ട ആശയസംവാദങ്ങൾക്കും സർഗാവിഷ്കാരങ്ങൾക്കും വേദിയായി മാറുന്ന പുസ്തകോൽസവം കേരളത്തിലെ ഇതര പുസ്തകോൽസവങ്ങളോട് മാറ്റുരക്കാനാവുന്നത്ര തലപ്പൊക്കം നേടിക്കഴിഞ്ഞിരിക്കുന്നു.

പുസ്തകോൽസവം പോലെയുള്ള വേദികൾ സാമൂഹ്യമായ ഒത്തൊരുമയുടേയും സഹിഷ്ണുതയുടെ സംസ്കാരത്തിന്റേയും വിളംബരമാണ്. മതേതരവും ജനാധിപത്യപരവുമായ പ്രബുദ്ധതയാണ് അതിന്റെ ഊർജസ്രോതസ്സ്. കാലുഷ്യങ്ങളിൽനിന്നും സമന്വയത്തിലേക്കാണ് അതിന്റെ സഞ്ചാരം. ദുരധികാരപ്രവണതകൾക്കെതിരായ സർഗാത്മകചെറുത്തുനിൽപ് ഇത്തരം പൊതുകൂട്ടായ്മകളുടെ അടിസ്ഥാനദൗത്യമാണ്. നാട് നേരിടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ധീരമായ പരിശ്രമങ്ങളാണ് അതിന്റെ കാതൽ. പുസ്തകോൽസവങ്ങളിൽ വന്നുചേരുന്ന ജനസഞ്ചയം മാനവികതയുടെ പ്രകാശനമാണ് നിർവഹിക്കുന്നത്. നമ്മുടെ നാട്ടിൽ നടക്കുന്ന ചെറുതും വലുതുമായ പുസ്തകോൽസവങ്ങൾ നിർഹിക്കുന്ന ഏറ്റവും ആധുനികമായ അവബോധമാണ് പുരോഗമനകേരളത്തിന്റെ തുടിപ്പ്.

പ്രളയദുരന്തദിനങ്ങളിൽ മലയാളികൾ ഉയർത്തിപ്പിടിച്ച സഹജീവിസ്നേഹവും ജീവകാരുണ്യവുമാണ് നവകേരളസൃഷ്ടിയുടെ നാന്ദി. എന്നാൽ, കേരളീയരുടെ സമാധാനപൂർണജീവിതത്തെ അലങ്കോലപ്പെടുത്താനുള്ള നീക്കങ്ങൾ അരങ്ങേറുന്നു. ചരിത്രവിരുദ്ധതയെ പിന്തുടരുന്ന വർഗീയവാദികൾ കേരളം സമാർജിച്ച നേട്ടങ്ങളെ പിൻനടത്തുകയാണ്. ചാതുർവർണ്യത്തിന്റേയും മനുസ്മൃതിയുടേയും പ്രഘോഷകർ കേരളം നേടിയെടുത്ത നവോത്ഥാനമൂല്യങ്ങളെ തല്ലിക്കെടുത്തുകയാണ്. ജാത്യാചാരങ്ങളും ലിംഗവിവേചനവും മതതീവ്രവാദവും ശക്തിയാർജ്ജിക്കുന്നു. ഇത്തരമൊരു കറുത്ത കാലത്തെ പ്രതിരോധിക്കാൻ പുസ്തകങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടോളം വ്യാപിക്കുന്ന ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും സഹായിക്കും. ആവിഷ്കാരത്തിന്റെ അനന്തസാധ്യതകൾ സമൂഹത്തെ നൈതികജാഗ്രതയിലേക്കും പരിസ്ഥിതിവിവേകത്തിലേക്കും ധാർമികതയിലേക്കും ഉണർത്തിനിർത്തും.

ഇന്ത്യയിലെമ്പാടും പ്രബലമായിവരുന്ന വംശീയവികാരത്തിന്റേയും ന്യൂനപക്ഷമതവിദ്വേഷത്തിന്റേയും ദളിത് വിരുദ്ധതയുടേയും പ്രത്യയശാസ്ത്രനിലപാടുകളെ തുറന്നുകാണിക്കാൻ അക്ഷരസ്നേഹികളാണ് മുൻനിരയിൽ നിൽക്കുന്നത്. വർഗീയഫാസിസത്തെ തോൽപിക്കുകയെന്നത് രാഷ്ട്രീയബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വിജയിക്കുന്ന ഒന്നല്ല. അതൊരു സാംസ്കാരികസമരം കൂടിയാണ്. ഇന്ത്യൻ ദേശീയതയെ ഹിന്ദുത്വവൽകരിക്കുന്നതിന് സംഘടിത ശ്രമങ്ങൾ നടന്നുവരികയാണ്. സാംസ്കാരികബഹുസ്വരത ഇല്ലാതാക്കിയും ചരിത്രസ്മാരകങ്ങളെ കാവിയണിയിച്ചും അന്ധവിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ശാസ്ത്രീയപരിവേഷം നൽകിയും വർഗീയത അതിന്റെ വല വിരിച്ചുകഴിഞ്ഞു. സ്വതന്ത്രചിന്തയുടേയും അന്വേഷണങ്ങളുടേയും വെളിച്ചം വിതറിക്കൊണ്ട് മാത്രമേ ഈ ഇരുണ്ട കാലത്തെ അതിജീവിക്കാനാവൂ. അധികാരത്തിന്റെ ഹിംസാത്മകതയും കപടമായ ആത്മീയതയുടെ ആസുരതയും നിർമിക്കുന്ന വാർപ്പുമാതൃകകൾ പൊളിച്ചടുക്കേണ്ടതുണ്ട്.

പുസ്തകോൽസവം സൃഷ്ടിക്കുന്ന പ്രതിസംസ്കൃതിയെ നെഞ്ചേറ്റുവാങ്ങാൻ വായനക്കാരോടും സഹൃദയരോടും അഭ്യർത്ഥിക്കുന്നു. ●






കെ.വി.രാമകൃഷ്ണൻ

# തുല്യനീതിക്ക് ഒരു പുസ്തകം

പുതിയ അദ്ധ്യയനവർഷത്തിന്റെ ആരംഭം. വിദ്യാർത്ഥികൾ ക്ലാസുകളിലെത്തുന്നതിന് ഒരു മാസം മുമ്പെങ്കിലും അവർക്ക് വിവരം കൊടുത്തിരിക്കും. ആരംഭമാസത്തിൽ കൃത്യം ഇന്ന ദിവസം, ഇന്ന എഴുത്തുകാരൻ കലാലയം സന്ദർശിക്കുകയും വിദ്യാർത്ഥികളോട് സംസാരിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നതാണ് എന്ന്. അന്നത്തെ ബെസ്റ്റ് സെല്ലെറായ എറ്റവും പുതിയ പുസ്തകത്തിന്റെ കർത്താവായിരിക്കും അതിഥി. ആ പുസ്തകം എല്ലാവരും വാങ്ങുകയും വായിക്കുകയും ചെയ്യുന്നു, ക്ലാസിലെത്തുന്നതിനുമുമ്പുതന്നെ. മാത്രമല്ല, വായനയുടെ അടിസ്ഥാനത്തിൽ കുറിപ്പുകളും ചോദ്യങ്ങളും തയ്യാറാക്കി, സജീവമായ ചർച്ചക്കുവേണ്ട ഉപാദാനങ്ങൾ ഒരുക്കുകയും ചെയ്യും. കുട്ടികൾക്ക് ഒരെഴുത്തുകാരനുമായി സംവദിക്കാനുള്ള അവസരം ലഭിക്കുന്നു. അതോടൊപ്പം, ഗൗരവപൂർണമായ വായന നടക്കുന്നു. ഗ്രന്ഥാവലോകനസാമർത്ഥ്യം, ആശയാവതരണദക്ഷത തുടങ്ങി, വ്യക്തിത്വവികസനത്തിന്റെ വിവിധവശങ്ങളിൽ പരിചരണം ലഭിക്കുകയും ചെയ്യുന്നു.

ഇത്തരമൊരു പരിപാടിയുമായി ബന്ധപ്പെട്ട് പുസ്തകം വായിച്ച് കുറിപ്പുകൾ തയ്യാറാക്കുകയായിരുന്നു കൊളംബസിലുള്ള (ഒഹിയോ, യുഎസ്എ) എന്റെ പൗത്രൻ. നിർദ്ദേശിക്കപ്പെട്ട പുസ്തകം ബ്രയാൻ സ്റ്റീവൻസന്റെ ജസ്റ്റ് മെഴ്സി. ആ വർഷത്തെ ബെസ്റ്റ് സെല്ലറായി വാഴ്ത്തപ്പെട്ട കൃതി. അതിനെക്കുറിച്ച് റ്റൈംസ് ലിറ്ററെറി സപ്ലിമെന്റിൽ വന്ന ഒരു നിരൂപണം ഞാൻ ആയിടെ വായിച്ചിരുന്നു. പുസ്തകം വാങ്ങുകയും ചെയ്തിരുന്നു. രക്തം കട്ടപിടിപ്പിക്കുന്ന വായനാനുഭവം. 2015ൽ പ്രസിദ്ധീകരിക്കപ്പെട്ട, ഇതിനകം തന്നെ, ആഖ്യാനേതരമേഖലയിൽപ്പെട്ട രചനയ്ക്കുള്ള നിരവധി പുരസ്കാരങ്ങൾ ഈ കൃതി സ്വന്തമാക്കി. സിനിമയാക്കപ്പെടുകയും ചെയ്തു.

വെർജീനിയയിലെ നിർധനരായ അടിമകളായിരുന്നു ബ്രയാന്റെ മാതാപിതാക്കൾ. ഇളംപ്രായത്തിൽത്തന്നെ അച്ഛൻ കൊല്ലപ്പെട്ടു. കഷ്ടപ്പെട്ട് പഠിച്ച് നിയമബിരുദം നേടിയ ബ്രയാൻ അഗതികളുടെ വക്കീലാകുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട്, ശിക്ഷ നടപ്പാക്കുന്ന ദിവസവും കാത്തുകഴിയുകയായിരുന്ന വാൾട്ടെർ മക്മിലൻ എന്ന വിറകുവെട്ടിയായിരുന്നു ബ്രയാന്റെ ആദ്യത്തെ കക്ഷി. ഒരു വെള്ളക്കാരിയെ ബലാൽസംഗംചെയ്തുകൊന്നു എന്നായിരുന്നു വാൾട്ടറിൽ ആരോപിക്കപ്പെട്ട കുറ്റം. പള്ളിയിൽവെച്ചുനടന്ന കൊലക്ക് നിരവധി ദൃക്സാക്ഷികൾ. പക്ഷേ, വെളുത്ത അധികാരിവർഗം, നിരപരാധിയായ വാൾട്ടറുടെ തലയിൽ കുറ്റംകെട്ടിവെച്ച്, വിചാരണപോലും നടത്താതെ, വധശിക്ഷ വിധിച്ച്, സെല്ലിലടച്ചു. തന്റെ കക്ഷിയെ മരണത്തിന്റെ വായിൽനിന്ന് രക്ഷിക്കുന്ന സംഭവമാണ് Just Mercy എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യം. ആളെ തിരിച്ചറിയാതിരിക്കാൻവേണ്ടി പേരുകൾ മാറ്റിയിട്ടുണ്ടെന്ന് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു.

വെള്ളക്കാരിൽനിന്ന് കറുത്തവരനുഭവിക്കുന്ന അനീതികളോടും ക്രൂരതകളോടും പോരാടുന്നതിനായി ബ്രയാൻ സ്റ്റീവൻസന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ് Equal Justice Initiative. ●

**ദേശീയപുസ്തകോൽസവം മുദ്രാഗാനം**

# വായനയ്ക്കൊരു വാഴ്ത്ത്

രചന : എൻ.പി.ചന്ദ്രശേഖരൻ

സംഗീതം : പി.എസ്.ചന്ദ്രമതി

പുസ്തകം കൈയിലെടുക്കാം നമുക്കു
പുസ്തകം കൈയിലെടുക്കാം
പുസ്തകം വഴികാട്ടി പുസ്തകം തത്ത്വജ്ഞാനി
പുസ്തകം ആത്മസഖാവ്

ഓരോ താളും മറിയുമ്പോൾ
പല കാലം തിരനോക്കുന്നു
അടിമകൾ അഗതികൾ ജ്ഞാനികൾ ചിന്തകർ
അഭയാർത്ഥികൾ കഥ പറയുന്നു
നാം ജ്ഞാനസ്നാനം കൊള്ളുന്നു

ഓരോ ഗ്രന്ഥവുമറിയുമ്പോൾ
ആറും നാലും തിരിയുന്നു
തെരുവുകൾ ആലകൾ മൈതാനങ്ങൾ
വായനശാലകളാകുന്നു
നാം അഗ്നിസ്നാനം കൊള്ളുന്നു




Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Sketch : Ima Babu | Design : Roy Akkara